website

# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ജുവനൈൽ ജസ്റ്റിസ് സ്ഥാപന സൂപ്രണ്ടുമാർ, ജെ.ജെ രജിസ്ട്രേഷൻ ലഭിച്ച എൻ.ജി.ഒ സ്ഥാപനങ്ങളിലെ പ്രതിനിധികൾ തുടങ്ങിയവർക്ക് സ്ഥാപന നടത്തിപ്പുമായി ബന്ധപ്പെട്ട് പരിശീലനവും റിവ്യു മീറ്റിംഗും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ബഹു. സുപ്രീംകോടതിയുടെ 05.05.2017-ലെ WP(C) No. 102/07 നമ്പർ വിധിന്യായം.

**ഉത്തരവ് നമ്പർ ICPS 2/19972/2017 തീയതി : 03/11/2017**

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർ 2015 ജെ.ജെ ആക്റ്റ് സെക്ഷൻ 41 പ്രകാരം ജെ.ജെ രജിസ്ട്രേഷൻ ലഭിച്ച എൻ.ജി.ഒ സ്ഥാപനങ്ങളിലെ പ്രധിനിധികൾ തുടങ്ങിയവർക്ക് ജെ.ജെ ആക്റ്റ്, സ്റ്റാൻഡേർഡ് ഓഫ് കെയർ, ഇൻഡിവിജ്വൽ കെയർ പ്ലാൻ, സ്ഥാപന നടത്തിപ്പ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്.

ടി സാഹചര്യത്തിൽ മേൽപ്പറഞ്ഞ ജീവനക്കാർക്കായി 2017 നവംബർ 9,10 തീയതികളിൽ (വ്യാഴം, വെള്ളി) തീയതികളിൽ തിരുവനന്തപുരം കോവളം അനിമേഷൻ സെൻററിൽ വച്ച് ഒരു ദ്വിദിന ശിൽപശാല സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയിലേയ്ക്ക് വകുപ്പിന്റെ കീഴിലുള്ള എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാരേയും നിയോഗിച്ച് ഉത്തരവാകുന്നു.

വകുപ്പിനു കീഴിലുള്ള ജെ.ജെ സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർക്കും കൊല്ലം അഞ്ജനം ചിൽഡ്രൻസ് ഹോം സൂപ്രണ്ടിനും ഐ.സി.പി.എസ്-മായി ബന്ധപ്പെട്ടുള്ള റിവ്യു മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. ആയതിനുള്ള തയ്യാറെടുപ്പ് ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർ നടത്തേണ്ടതാണ്.

ടി ഉദ്യോഗസ്ഥർക്കുള്ള താമസസൗകര്യം തിരുവനന്തപുരം കോവളം അനിമേഷൻ സെൻററിൽ ഒരുക്കിയിട്ടുണ്ട്. ട്രെയിനിംഗിനായി തലേദിവസം (08/11/2017) എത്തുന്നവർ താമസസൗകര്യം ലഭിക്കുന്നതിനായി മുൻകൂട്ടി ഐ.സി.പി.എസ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ടി ഉദ്യോഗസ്ഥർക്ക് നിയമപ്രകാരമുള്ള TA/DA-ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർ
ആൻഡ് മെമ്പർ സെക്രട്ടറി
എസ്.സി.പി.എസ്

1. എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും
2. എല്ലാ ജെ.ജെ രജിട്രേഷൻ ലഭിച്ച സ്ഥാപനങ്ങളിലെ പ്രധിനിധികൾക്കും

<u>പകർപ്പ്</u>

1. എല്ലാ ജില്ല സാമൂഹ്യ നീതി ഓഫീസർമാർക്കും
2. എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും
3. ഐ.സി.പി.എസ്-4
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്